# കേരളസർവകലാശാല

നം.പി.ആർ.241/2020

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഡിസംബർ 4 (നാളെ) നടത്താനിരുന്ന പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല ഡിസംബർ 4 ന് (നാളെ) നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചതായി പരീക്ഷാകൺട്രോളർ അറിയിച്ചു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

### ഒന്നാം സെമസ്റ്റർ എം.വി.എ. പരീക്ഷ മാറ്റി

2020 ഡിസംബർ 4 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.വി.എ. (ആർട്ട് ഹിസ്റ്ററി) ഹിസ്റ്ററി ഓഫ് ഇന്ത്യൻ ആർട് പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### ഒന്നാം വർഷ ബിരുദ, ബിരുദാനന്തര പ്രവേശനം – അഡ്മിഷൻ തീയതി നീട്ടി

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലും യു.ഐ.ടി.കളിലും ബിരുദ കോഴ്സുകളിലേക്ക് സ്പെഷ്യൽ സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്കും, ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്കും കോളേജിൽ അഡ്മിഷൻ എടുക്കുന്നതിനുള്ള തീയതി ഡിസംബർ 10 വരെ നീട്ടിയിരിക്കുന്നു.

### എം.ടെക് സ്പോട്ട് അഡ്മിഷൻ തീയതി മാറ്റി

എം.ടെക് പ്രോഗ്രാമിന്റെ രണ്ട് ഒഴിവിലേയ്ക്ക് (പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗം) ഒപ്റ്റോഇലക്ട്രോണിക്സ് പഠന വകുപ്പിൽ വെച്ച് ഡിസംബർ 4 ന് (നാളെ) നടത്താനിരുന്ന സ്പോട്ട് അഡ്മിഷൻ 2020 ഡിസംബർ 08–ലേയ്ക്ക് മാറ്റിയിരിക്കുന്നു. താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള കേരളസർവകലാശാല ഒപ്റ്റോഇലക്ട്രോണിക്സ് പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471–2308167 എന്ന നമ്പറിൽ ബന്ധപ്പെടുക.

### പരീക്ഷാത്തീയതി

ഒന്ന്, രണ്ട് വർഷ (പഞ്ചവത്സരം) (മേഴ്സിചാൻസ് – 1998 സ്കീം) (2001 അഡ്മിഷൻ)/മേയ് 2020 പരീക്ഷകൾ 2021 ഫെബ്രുവരി 8 ന് ആരംഭിക്കുന്നതാണ്.

ബി.എഫ്.എ. (എച്ച്.ഐ.) നാലാം സെമസ്റ്റർ പരീക്ഷകൾ 2021 ജനുവരി 13 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

ഒന്ന്, രണ്ട് വർഷ (പഞ്ചവത്സരം) (2001 അഡ്മിഷൻ – 1998 സ്കീം – ന്യൂ സ്കീം)/മേയ് 2020, മൂന്നാം വർഷം (പഞ്ചവത്സരം) (2001 അഡ്മിഷൻ – 1998 സ്കീം) & ഒന്നാം വർഷം (ത്രിവത്സരം) (1999 അഡ്മിഷൻ – 1998 സ്കീം) – ന്യൂ സ്കീം/മേയ് 2020, നാലാം വർഷം (പഞ്ചവത്സരം) (2001 അഡ്മിഷൻ – 1998 സ്കീം – ന്യൂ സ്കീം) & രണ്ടാം വർഷം (ത്രിവത്സരം) (1999 അഡ്മിഷൻ – 1998 സ്കീം – ന്യൂ സ്കീം)/മേയ് 2020, 28.06.2017 ൽ നടന്ന നാലാം വർഷ (പഞ്ചവത്സരം) (1999 – 2004 ബാച്ച്) എൽ.എൽ.ബി. പരീക്ഷയിലെ പാർട്ട് മൂന്ന് – പേപ്പർ രണ്ട് പരീക്ഷ എഴുതാത്ത വിദ്യാർത്ഥികൾക്ക് ആ പേപ്പറിനു മാത്രം അപേക്ഷിക്കാവുന്നതാണ്. അഞ്ചാം വർഷം (പഞ്ചവത്സരം) (2001 അഡ്മിഷൻ – 1998 സ്കീം – ന്യൂ സ്കീം) & മൂന്നാം വർഷം (ത്രിവത്സരം) (1999 അഡ്മിഷൻ– ന്യൂ സ്കീം) മേയ് 2020 എന്നീ എൽ.എൽ.ബി. പരീക്ഷകൾക്ക് പിഴകൂടാതെ ഡിസംബർ 18 വരെയും 150 രൂപ പിഴയോടെ ഡിസംബർ 24 വരെയും 400 രൂപ പിഴയോടെ ഡിസംബർ 30 വരെയും അപേക്ഷിക്കാം.

## പരീക്ഷാഫലം

2020 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 15 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്), എം.എസ്.സി. ഹോം സയൻസ് (എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ), എം.എസ്.സി. ഹോം സയൻസ് (ഫുഡ് ആന്റ് ന്യൂട്രീഷ്യൻ), എം.എസ്.സി. ഹോം സയൻസ് (ന്യൂട്രീഷ്യൻ ആന്റ് ഡയറ്ററ്റിക്സ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 16. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടത്തിയ അവസാന വർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷകളുടെ തടഞ്ഞുവച്ച പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ 17. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സി.എ.സി.ഇ.ഇ – വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ യോഗാ തെറാപ്പി കോഴ്സ്, യോഗ്യത: കേരളസർവകലാശാല അംഗീകൃത ബിരുദം, കാലാവധി: ഒരു വർഷം, ക്ലാസുകൾ: വൈകുന്നേരം 5 മണി മുതൽ 7 മണി വരെ, ഫീസ്:19,500/– രൂപ.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ–ഡിഗ്രി, കാലാവധി: 6 മാസം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ, ഫീസ്:7,500/– രൂപ.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ഡിപ്ലോമ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ.) കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ–ഡിഗ്രി, കാലാവധി: 6 മാസം, ക്ലാസുകൾ: കാര്യവട്ടം ക്യാമ്പസിൽ നടത്തും, ഫീസ്:7,000/– രൂപ (പരീക്ഷാഫീസ് ഉൾപ്പെടെ).

www.keralauniversity.ac.in ൽ നിന്നും 28 -ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അയയ്ക്കുക. അപേക്ഷ തപാലിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്) കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കാലാവധി: 3 മാസം, ക്ലാസുകൾ: തിങ്കൾ മുതൽ വെള്ളി വരെ, വൈകുന്നേരം 5 മുതൽ 7 വരെ, ഫീസ്:6,000/- രൂപ. www.keralauniversity.ac.in ൽ നിന്നും 23 -ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അയയ്ക്കുക. അപേക്ഷ തപാലിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
03.12.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**